# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 19 — 04.02.2013 ലെ മറുപടിക്ക്

## ആറന്മുള വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ :<br>ശ്രീ. എം.എ. ബേബി :<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീമതി. പി.അയിഷാ പോറ്റി: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുളയിൽ പാടം നികത്തി വിമാനത്താവളം നിർമ്മിക്കാൻ അനുമതി നൽകിക്കൊണ്ട് പത്തു ശതമാനം ഓഹരി വാങ്ങി പങ്കാളിയാകാനുള്ള സർക്കാർ തീരുമാനം പുന:പരിശോധിക്കുമോ; | (എ) | ആറന്മുളയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് എയർപോർട്ടിന് നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി കണ്ടെത്തേണ്ടതാണ് എന്ന വ്യവസ്ഥയോടെയാണ് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നല്കിയത്. സംസ്ഥാനസർക്കാർ ആറന്മുള എയർപോർട്ട് കമ്പനിയിൽ സൗജന്യമായി 10% ഓഹരിയെടുക്കുവാനുള്ള തീരുമാനം പുന:പരിശോധിക്കേണ്ടതായി കാണുന്നില്ല. |
| (ബി) | നിയമവിരുദ്ധമായി പാടം നികത്തി വിമാനത്താവളം നിർമ്മിക്കാനുള്ള ശ്രമത്തിന് സർക്കാർ കൂട്ടുനില്ക്കുന്നു എന്നാരോപിച്ച് ജനരോഷം ഉണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിമാനത്താവളം നിർമ്മിക്കുന്നതിനെതിരെ ചെറിയതോതിലുള്ള പ്രക്ഷോഭങ്ങൾ നടന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നീർത്തട സംരക്ഷണ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് നിർദ്ദിഷ്ട ഭൂമിയിൽ ലംഘിക്കപ്പെട്ടത്;മറ്റെന്തെല്ലാം നിയമവ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ? | (സി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പാണ് ഭൂരിഭാഗം നികത്തും നടന്നിട്ടുള്ളത്. കേരളലാൻഡ് കൺസർവൻസി ആക്റ്റിന്റെ ലംഘനവും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിവിധ ലംഘനങ്ങളെ സംബന്ധിച്ചുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ